LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഈ കാമ്പയിനിൽ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, ജീവനക്കാരുടെ സംഘടനകൾ, സഹകാരികൾ എന്നിവരും സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയനുകൾ, സഹകരണ വകുപ്പിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിലുള്ള ഉദ്യോഗസ്ഥർ, കൂടാതെ പൊതുജനങ്ങളുടെയും സഹകരണം ഉണ്ടായിട്ടുണ്ട്.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും വിലയിരുത്തലിനുമായി താലൂക്ക തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ്. അസോസിയേഷൻ താലൂക്കതല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കതല യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായുള്ള കമ്മിറ്റിയും, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർമാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർമാർ (ആഡിറ്റ്), സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറുമായുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിപ്രകാരമുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി കാലയളവിൽ നിരവധി സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനം

77 (4659) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത് ; തസ്തിക തിരിച്ച് വിശദമാക്കാമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) അസിസ്റ്റന്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എന്നാണ് ലഭിച്ചത് ; പ്രസ്തുത ലിസ്റ്റിൽനിന്നും കൂടിക്കാഴ്ച നടത്തി നിയമനം നൽകാത്തതിന് കാരണം വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാരാടിസ്ഥാനത്തിൽ എത്ര അഗ്രികൾച്ചറൽ ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്; ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ എത്ര ഗസ്റ്റ് ഹൗസ് കീപ്പറെ നിയമിച്ചിട്ടുണ്ട്. ഏത് മാനദണ്ഡപ്രകാരമാണ് ഇവരെ നിയമിച്ചതെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഗസ്റ്റ് ഹൗസ് കീപ്പർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; എത്ര പേർക്ക് ഇങ്ങനെ പ്രൊമോഷൻ നൽകി ;വ്യക്തമാക്കാമോ;

(ജി) പി.എസ്.സി. മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള പ്യൂൺ തസ്തികയിൽ ഗസ്റ്റ് ഹൗസ് കീപ്പർമാർക്ക് പ്രൊമോഷൻ നൽകിയത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 267 ഒഴിവുകൾ ഉണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു:

Vacancy Position :

| Sl. No. | Designation | No. of Vacancy |
|---|---|---|
| (1) | (2) | (3) |
| 1 | Managing Director | 1 |
| 2 | General Manager | 1 |
| 3 | Admn. Officer/CIOs/Principal STC | 2 |
| 4 | CAO | 1 |
| 5 | CAE | 1 |
| 6 | Agricultural Engineer | 1 |
| 7 | Hydrogeologist | 1 |
| 8 | RM/FM/ADM/CF | 11 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 9 | Deputy Manager (1 long leave) | 4 |
| 10 | Assistant Manager | 2 |
| 11 | Law Officer | 11 |
| 12 | Agricultural Officer | 55 |
| 13 | Statistical Officer | 2 |
| 14 | Assistant | 97 |
| 15 | Typist | 19 |
| 16 | Steno | 3 |
| 17 | Vehicle Supervisor | 1 |
| 18 | Electrician | 1 |
| 19 | Receptionist cum Telecom Operator | 1 |
| 20 | Driver | 11 |
| 21 | Sergeant | 1 |
| 22 | Peon/Lift Operator | 32 |
| 23 | Cleaner | 1 |
| 24 | Guest Room Keepers | 7 |
| | Total | 267 |

(ബി) പി.എസ്.സി. വഴി നിയമനം നടത്തുന്നതിലേക്കായി റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചുകിട്ടുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ശിപാർശ ചെയ്ത കരട് റിക്രൂട്ട്മെന്റ് റൂൾസ് ജനറൽ മാനേജരുടെ തസ്തിക ഒഴിച്ചുള്ള എല്ലാ മാനദണ്ഡങ്ങളും ബാങ്കിന്റെ 18-3-2015-ൽ കൂടിയ ഭരണസമിതി അംഗീകരിക്കുകയും ടി റിക്രൂട്ട്മെന്റ് റൂൾസിന് അംഗീകാരം നൽകണമെന്ന് പി.എസ്.സി.-യെ അറിയിച്ചിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 4

(സി) 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് വിവിധ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ലിസ്റ്റ് ലഭിച്ചത്. ബാങ്കിൽ കരാറടി സ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ താൽക്കാലിക സ്റ്റേ ഉത്തരവ് ഉള്ളത് കാരണം ടി ലിസ്റ്റിൽനിന്നും ബാങ്കിന് കരാറടിസ്ഥാനത്തിൽ നിയമനം നടത്താൻ സാധിച്ചിട്ടില്ല. മേൽപ്രകാരമുള്ള സ്റ്റേ 21-5-2015-ൽ മാറിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ 37 പേർ കരാടിസ്ഥാനത്തിൽ അഗ്രിക്കൾച്ചറൽ ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. അഗ്രിക്കൾച്ചറൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ 10 പേരെ ഗസ്റ്റ് റൂം കീപ്പറായി നിയമിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 15-2-2012-ലെ സി.എൽ.റ്റി. (2) 5738/2013 ഉത്തരവിന്റെയും 26-11-2014-ലെ സി.എൽ.റ്റി. (2) 21502/2014 നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ഗസ്റ്റ് റൂം കീപ്പർമാരെ നിയമിച്ചിട്ടുള്ളത്.

(എഫ്) 7 ഗസ്റ്റ് റൂം കീപ്പർമാർക്ക് പ്യൂൺ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ജി) ബാങ്കിന്റെ 31-5-2014-ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഗസ്റ്റ്റൂം കീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകിയത്. പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് റൂൾ അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഭരണസമിതി ഉദ്യോഗക്കയറ്റം നൽകുകയാണുണ്ടായത്.

## സഹകരണ ബാങ്കുകൾവഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ

78 (4660) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ അനുവദിച്ച കാർഷിക വായ്പ എത്ര ; എത്ര പേർക്ക് വായ്പ അനുവദിച്ചു ; വർഷം തിരിച്ച് ജില്ലയിലെ സ്ഥാപനം തിരിച്ച് ഓരോ സ്ഥാപനത്തിൽ നിന്നും എത്ര പേർക്ക് എന്നത് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly